ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.03.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ബഹിരാകാശ പര്യവേഷണ യാത്രയിൽ സുപ്രധാന നാഴികക്കല്ല് പിന്നിട്ട് ഇന്ത്യ ; ഐഎസ്ആർഒയുടെ സ്പേഡെക്സ് ദൗത്യം വിജയം.

   ISRO successfully completes SpaDEx undocking marking significant milestone in India's space exploration

2. WAVES ഉച്ചകോടി വിവിധ മാധ്യമങ്ങളുടെ കൂടിച്ചേരലാണെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ ; നൂതനാശയ സൃഷ്ടാക്കൾക്കായി പ്രത്യേക ഫണ്ടിന് രൂപം നൽകുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

   External Affairs Minister S Jaishankar says the WAVES Summit is a gathering of various media; Union Minister Ashwini Vaishnav says a special fund will be created for innovators.

3. വയനാട് ദുരന്ത ബാധിതരുടെ പുനരധിവാസത്തിന് നെടുമ്പാല എസ്റ്റേറ്റ് ഉടൻ ഏറ്റെടുക്കില്ലെന്ന് കേരള സർക്കാർ ഹൈക്കോടതിയിൽ; പുനരധിവാസം അടുത്ത സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുമെന്ന് മന്ത്രി കെ.രാജൻ.

**The Kerala government has told the High Court that it will not immediately take over the Nedumbala Estate for the rehabilitation of Wayanad disaster victims; Minister K. Rajan says the rehabilitation will be completed in the next financial year.**

4. ഹോളി ആഘോഷിക്കാനൊരുങ്ങി ഉത്തരേന്ത്യ ; ജനങ്ങൾക്ക് ആശംസകൾ നേർന്ന് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും; ആറ്റുകാലമ്മയ്ക്ക് പൊങ്കാല അർപ്പിച്ച് ഭക്തലക്ഷങ്ങൾ.

**North India prepares to celebrate Holi; President, Vice President, PM extend their greetings on eve of Holi ; Lakhs of devotees offered Pongala to Attukalamma.**

5. വനിതാ പ്രിമയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ഗുജറാത്ത് ജയന്റ്സ് പോരാട്ടം.

**Mumbai Indians and Gujarat Giants clash today in Women's Premier League cricket.**

&&&&&&&&&&&&&&&&&&&

## ISRO- SPADEX

ബഹിരാകാശ പര്യവേഷണ യാത്രയിൽ സുപ്രധാന നാഴികക്കല്ല് പിന്നിട്ട് ഇന്ത്യ. ഐഎസ്ആർഒയുടെ സ്പേഡെക്സ് ദൗത്യം വിജയം.സ്പേഡെക്സ് സ്പേസ് ഡോക്കിംഗ് പരീക്ഷണത്തിലൂടെ കൂട്ടിച്ചേർത്ത ഇരട്ട ഉപഗ്രഹങ്ങളെ

വിജയകരമായി വേർപെടുത്തിയതിലൂടെയാണ് ഐഎസ്ആർഒ പുതു ചരിത്രം കുറിച്ചത്. ഇന്ന് രാവിലെ ഒമ്പത് മണിക്കുശേഷമാണ് ഉപഗ്രഹങ്ങളുടെ അൺഡോക്കിങ് പൂർത്തിയായത്. ജനുവരി പതിനാറിനാണ് SDX 01 -ചേസർ, SDX 02 -ടാർഗറ്റ് എന്നീ ഉപഗ്രഹങ്ങളെ ബഹിരാകാശത്ത് വച്ച് ISRO കൂട്ടിച്ചേർത്തത്. ശ്രീഹരിക്കോട്ട സതീഷ് ധവാൻ സ്പേയ്സ് സെൻററിൽ നിന്ന് ഡിസംബർ 30-നാണ് പേടകങ്ങളുമായി പിഎസ്എൽവി -സി60- റോക്കറ്റ് കുതിച്ചത്. ഡോക്കിങ്ങ് പരീക്ഷണം വിജയിച്ചതോടെ ഈ സാങ്കേതിക വിദ്യ സ്വന്തമാക്കുന്ന നാലാമത്തെ രാജ്യമായി ഇന്ത്യയും ബഹിരാകാശ ഏജൻസിയായി ഐഎസ്ആർഒ-യും മാറി. റഷ്യ, യുഎസ്, ചൈന എന്നീ രാജ്യങ്ങളാണ് ഇതിന് മുമ്പേ ഈ നേട്ടം കൈവരിച്ചവർ. സ്പേഡെക്സ് അൺഡോക്കിംഗ് പരീക്ഷണം വിജയകരമായി പൂർത്തിയാക്കിയ ISRO-യെ കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രി ഡോ. ജിതേന്ദ്ര സിംഗ് അഭിനന്ദിച്ചു. ഭാരതീയ അന്തരീക്ഷ് സ്റ്റേഷൻ, ചന്ദ്രയാൻ-4, ഗഗൻയാൻ

എന്നിവയുൾപ്പെടെയുള്ള ഭാവി ദൗത്യങ്ങളുടെ സുഗമമായ നടത്തിപ്പിന് ഇത് വഴിയൊരുക്കുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&

## GOYAL DIGITAL CREATORS

കണ്ടൻറ് ക്രിയേറ്റർമാർ രാജ്യത്തിൻറെ ഡിജിറ്റൽ അംബാസഡർമാരാണെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ. ഉത്തരവാദിത്തമുള്ള ഉള്ളടക്കം, നൂതനമായ കഥപറച്ചിൽ, നൈപുണ്യ വികസനം, സർഗ്ഗാത്മകതയുടെ കയറ്റുമതി എന്നിവയാണ് സർഗ്ഗാത്മക വ്യവസായത്തിൻറെ നാല് പ്രധാന ഘടകങ്ങളെന്ന് ന്യൂഡൽഹിയിൽ ഒരു പരിപാടിയെ അഭിസംബോധന ചെയ്തുകൊണ്ട് ശ്രീ ഗോയൽ പറഞ്ഞു. രാജ്യത്തിൻറെ സർഗ്ഗാത്മക മേഖലയിൽ വിശാലമായ അവസരങ്ങളാണുള്ളത്. ഈ വ്യവസായം ഇതിനകം തന്നെ കോടിക്കണക്കിന് ഡോളർ മൂല്യമുള്ള ഒരു മേഖലയായി മാറിയിട്ടുണ്ടെന്നും രാജ്യത്തുടനീളം ധാരാളം ആളുകൾക്ക് തൊഴിൽ നൽകുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. സർഗ്ഗാത്മകത, ഓഡിയോവിഷ്വൽ കലകൾ, ഉള്ളടക്ക ഉൽപ്പാദനം എന്നീ മേഖലകളിൽ ആഗോള തലത്തിൽ രാജ്യത്തിൻറെ പ്രാധാന്യം വർദ്ധിച്ചുവരുന്നതായും കേന്ദ്രമന്ത്രി പറഞ്ഞു

&&&&&&&&&&&&&&&&&&&

## WAVES- INTRO

കേന്ദ്രസർക്കാർ മെയ് ഒന്ന് മുതൽ നാല് വരെ മുംബൈയിൽ സംഘടിപ്പിക്കുന്ന ലോക ദൃശ്യ, ശ്രവ്യ വിനോദ ഉച്ചകോടി WAVES, സിനിമ,ഡിജിറ്റൽ ലോകം,IT വ്യവസായം തുടങ്ങിയവയുടെ കൂടി ചേരലാണെന്ന് വിദേശകാര്യ മന്ത്രി ഡോ.എസ് ജയ്ശങ്കർ .WAVES മായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.
(ജയശങ്കർ ബൈറ്റ് )

കേന്ദ്ര വാർത്താവിതരണ, പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്, കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ, വിവിധ രാജ്യങ്ങളിൽ നിന്നുള്ള നൂറിലേറെ നയതന്ത്ര പ്രതിനിധികൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. മാധ്യമങ്ങളെ അഭിസംബോധന ചെയ്ത കേന്ദ്ര വാർത്താവിതരണ, പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്, നൂതനാശയ സ്യഷ്ടാക്കൾക്കായി ഒരു ബില്യൺ ഡോളർ ഫണ്ടിന് രൂപം നൽകുമെന്ന് വ്യക്തമാക്കി. വിനോദ മേഖലയിൽ ലോകം അതിവേഗം മുന്നേറുകയാണെന്നും ശ്രീ.അശ്വിനി വൈഷ്ണവ് പറഞ്ഞു.
(അശ്വിനി വൈഷ്ണവ്- ബൈറ്റ് )

&&&&&&&&&&&&&&&&&&

## PM-AASHA

പ്രധാൻമന്ത്രി അന്നദാതാ ആയ് സൻരക്ഷൺ സംയോജിത പദ്ധതി അടുത്ത സാമ്പത്തിക വർഷം കൂടി തുടരാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു. കാർഷിക ഉത്പന്നങ്ങൾക്ക് താങ്ങുവില ഉറപ്പുവരുത്തുന്നതിനൊപ്പം, ഉപഭോക്താക്കൾക്ക് താങ്ങാവുന്ന വിലയിൽ അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിന് കൂടി ലക്ഷ്യമിട്ടാണ് കേന്ദ്രം പിഎം-ആശ പദ്ധതി നടപ്പാക്കിയത്. തുവര, ഉഴുന്ന്, മസൂർ ദാൽ തുടങ്ങിയ പയർവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, കൊപ്ര എന്നിവയ്ക്ക് പദ്ധതിയിലൂടെ താങ്ങുവില ഉറപ്പുവരുത്തുന്നുണ്ട്.

&&&&&&&&&&&&&&&&&&

**DELHI-HOLI**

രാജ്യം , നാളെ നിറങ്ങളുടെ ഉത്സവമായ ഹോളി ആഘോഷിക്കും.ഹോളി ആഘോഷിക്കാനുള്ള അവസാനവട്ട ഒരുക്കങ്ങളിലേക്കാണ് ഉത്തരേന്ത്യ. നിറങ്ങൾ,മധുര പലഹാരങ്ങൾ എന്നിവ വാങ്ങാനായി തിരക്ക് കൂട്ടുന്ന ജനസഞ്ചയം രാജ്യത്തെ തെരുവുകളെയെല്ലാം സജീവമാക്കിയിട്ടുണ്ട്. സുരക്ഷാ ഭീഷണികൾ ഒഴിവാക്കുന്നതിനായി പഴുതടച്ച ക്രമീകരണങ്ങൾ ആണ് രാജ്യത്ത് ഒരുക്കിയിരിക്കുന്നത്. അതിനിടെ ഹോളി ആഘോഷങ്ങളിൽ പ്രകൃതിദത്ത നിറങ്ങൾ ഉപയോഗിക്കണമെന്നും സിന്തെറ്റിക്ക് നിറങ്ങൾ പരമാവധി ഒഴിവാക്കണമെന്നും ചർമ്മ രോഗ വിദഗ്ദ്ധർ നിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

## HOLI GREETINGS

ജനങ്ങൾക്ക് ഹോളി ആശംസകൾ നേർന്ന് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും. സ്നേഹവും ഒരുമയും പകരാൻ ഹോളി നമ്മോട് ആഹ്വാനം ചെയ്യുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു ആശംസിച്ചു . ഹോളിയിലെ വർണ്ണങ്ങൾ, നാനാത്വത്തിൽ ഏകത്വം എന്ന ആശയത്തെ പ്രതിഫലിപ്പിക്കുന്നതായും രാഷ്ട്രപതി പറഞ്ഞു. പുതിയ തുടക്കങ്ങളെയാണ് ഹോളി പ്രതിനിധീകരിക്കുന്നതെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ആശംസിച്ചു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജനങ്ങൾക്ക് ഹോളി ആശംസകൾ നേർന്നു. സന്തോഷവും ആനന്ദവും നിറഞ്ഞ ഈ ഉത്സവം എല്ലാവരുടെയും ജീവിതത്തിൽ പുതിയ ഊർജ്ജം നിറയ്ക്കുമെന്നും ജനങ്ങൾക്കിടയിൽ ഐക്യത്തിൻറെ നിറങ്ങൾ ചാർത്തുമെന്നും ശ്രീ മോദി സോഷ്യൽ മീഡിയ പോസ്റ്റിൽ ആശംസിച്ചു.

&&&&&&&&&&&&&&&&&&&

## WAYANAD–TOWNSHIP–HC

വയനാട് ദുരന്തബാധിതരായവരുടെ പുനരധിവാസത്തിനായി ടൗൺഷിപ്പ് നിർമ്മിക്കുന്നതിന്

നെടുമ്പാല എസ്റ്റേറ്റ് ഉടൻ ഏറ്റെടുക്കില്ലെന്ന് സംസ്ഥാന സർക്കാർ ഹൈക്കോടതിയെ

അറിയിച്ചു. പുനരധിവാസത്തിനായി എൽസ്റ്റൺ എസ്റ്റേറ്റ് ആണ് പരിഗണിക്കുന്നതെന്നും, സ്ഥലം തികയാതെ വന്നാൽ മാത്രമേ നെടുമ്പാല എസ്റ്റേറ്റ് ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കൂ എന്നും സർക്കാർ വ്യക്തമാക്കി. വീടുകൾ ആവശ്യമായവരുടെ എണ്ണം നിശ്ചയിച്ച ശേഷമായിരിക്കും ഇത് സംബന്ധിച്ച അന്തിമ തീരുമാനം ഉണ്ടാവുക. ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഹാരിസൺസ് മലയാളം കമ്പനി നൽകിയ അപ്പീൽ പരിഗണിക്കുകയായിരുന്നു ഹൈക്കോടതി.

&&&&&&&&&&&&&&&&&&

**WAYANAD-K RAJAN**

വയനാട് മുണ്ടക്കൈ പുനരധിവാസ പദ്ധതി 2025-26 സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുമെന്ന് റവന്യു മന്ത്രി കെ രാജൻ. ദുരന്തത്തിനിരയായ അവസാന വ്യക്തിയെയും പുനരധിവസിപ്പിക്കുന്ന വിധത്തിൽ മാതൃകാപരമായി പദ്ധതി നടപ്പാക്കുമെന്നും അദ്ദേഹം വയനാട്ടിൽ പറഞ്ഞു. സർക്കാർ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്ന ആരെയും ഒഴിവാക്കില്ലെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## ATTUKAL PONKALA

ആറ്റുകാൽ ദേവിയ്ക്ക് പൊങ്കാലയർപ്പിച്ച് ഭക്തലക്ഷങ്ങൾ. 10.15 ന് അടുപ്പ് വെട്ട് ചടങ്ങും ഉച്ചയ്ക്ക് 1.15 ഓടെ പൊങ്കാല നിവേദ്യവും നടന്നു. പൊങ്കാലയ്ക്ക് ശേഷം തിരുവനന്തപുരം നഗരസഭയുടെ നേതൃത്വത്തിൽ ശുചീകരണപ്രവർത്തനങ്ങളും നടന്നു.

&&&&&&&&&&&&&&&&&&

## YOGA MAHOTSAV-INTRO

അന്താരാഷ്ട്ര യോഗ ദിനത്തിലേക്ക് 100 ദിവസത്തെ കൗണ്ട്ഡൗണുമായി യോഗ മഹോത്സവ് 2025 ന് തുടക്കമായി. ജൂൺ 21 ന് നടക്കുന്ന 11-ാമത് അന്താരാഷ്ട്ര യോഗ ദിനാഘോഷത്തിൻറെ ഭാഗമായാണ് യോഗ മഹോത്സവ്- 2025 സംഘടിപ്പിക്കുന്നത്. കേന്ദ്ര ആയുഷ് മന്ത്രി പ്രതാപ് റാവു ജാദവ് ന്യൂഡൽഹിയിൽ പരിപാടി ഉദ്ഘാടനം ചെയ്തു. 100 ദിവസത്തിനുള്ളിൽ രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ പത്ത് സുപ്രധാന പരിപാടികൾ സംഘടിപ്പിക്കുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. ഇതിൻറെ ഭാഗമായി 10 രാജ്യങ്ങളുമായി യോഗ കൈമാറ്റ പരിപാടിയായ യോഗ ബന്ധൻ നടത്തും. രാജ്യത്തെ 10,000 സ്ഥലങ്ങളിൽ യോഗ സംഗമം സംഘടിപ്പിക്കുമെന്നും ശ്രീ ജാദവ് അറിയിച്ചു. ലോകത്ത് 30 കോടി ആളുകൾ യോഗ പരിശീലിക്കുന്നുണ്ടെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&&

## WPL-CRICKET

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ഇന്ന് നടക്കുന്ന എലിമിനേറ്റർ മത്സരത്തിൽ മുംബൈ ഇന്ത്യൻസ്, ഗുജറാത്ത് ജയന്റ്സിനെ നേരിടുന്നു. ടോസ് നേടിയ ഗുജറാത്ത് മുംബൈയെ ബാറ്റിംഗിന് അയക്കുകയായിരുന്നു. മുംബൈ ബ്രാബോൺ സ്റ്റേഡിയത്തിലാണ് മത്സരം. 10 പോയിന്റുമായി ഒന്നാം സ്ഥാനത്തുള്ള ഡൽഹി ക്യാപിറ്റൽസ് ഇതിനകം തന്നെ ഫൈനലിൽ സ്ഥാനം ഉറപ്പിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&